ഇത് പറഞ്ഞതിനുശേഷം ഞാൻ ഉദ്യോഗസ്ഥൻമാരെ വിളിച്ച് അന്വേഷിക്കുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവർ എനിക്ക് നൽകുന്ന വിവരമനുസരിച്ചാണ് പറയുന്നത്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി ഒരം സ്വീകരിക്കുന്നതാണ്. 10-ാം ക്ലാസിലെ പുസ്തകങ്ങൾക്കു വേണ്ടി സ്ക്രിപ്റ്റെല്ലാം തയ്യാറായിക്കഴിഞ്ഞു. അതിന്റെ പ്രിന്റിംഗിനുള്ള നടപടികളും എല്ലാം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന് കഴിഞ്ഞ വർഷം കൊടുത്ത ഉറപ്പ് പാലിച്ചില്ലായെന്നു പറയുന്നുണ്ടെങ്കിലും അടുത്ത വർഷം ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാകാതെ 10-ാം ക്ലാസിലെ പുസ്തകങ്ങളെല്ലാം മാർച്ച് 31-ാം തീയതി അതായത് അധ്യയന വർഷം അവസാനിക്കുമ്പോൾ പുറത്തിറക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Dr. A. Subba Rao: There was some objections with regard to the 'Bharavanigaya Parichaya' saying that some of these characters.....

Mr. Speaker: In view of the reply given by the Minister, you please ask a question.

Dr. A. Subba Rao: In view of the facts that there was some difference of opinion with regard to the shapes and portions of the alphabets, and that it is mainly meant for instructing the Malayalam, will the Government try to change and it for the Kannada books?

ശ്രീ. ടി. എം. ജേക്കബ്: ആലേഖന പരിചയം ഇംഗ്ലീഷ്, മലയാളം, കന്നഡ, തമിഴ് എന്നീ നാല് ഭാഷകളിലേയും അക്ഷരങ്ങളും അതിനകത്ത് ഉണ്ട്. കുട്ടികൾക്ക് അക്ഷരങ്ങളും വരയ്ക്കാനുള്ള പരിചയം കിട്ടുമെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഡോ. സുബ്ബറാവു ഇങ്ങനെയൊരു പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കന്നഡ സംസാരിക്കുന്ന ആളുകളുടെ ഇടയിൽ വൈകാരികമായ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. എന്തായാലും ഈ കാര്യം പ്രത്യേകമായി പരിശോധിക്കാൻ സ്റ്റേറ്റ് ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പോരായ്മകൾ അതിനകത്തുണ്ടെങ്കിൽ തീർച്ചയായും അത് പരിഹരിച്ചുകൊണ്ട് അടുത്ത വർഷം വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

2. ആറാം സ്റ്റാൻഡേർഡിലേക്കുള്ള സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ കടന്നുകൂടിയിട്ടുള്ളതായി പറയപ്പെടുന്ന ഇസ്ലാം വിരുദ്ധ പരാമർശങ്ങൾ

ശ്രീ. പി. കെ. കെ. ബാവ: സർ, കേരള ഗവൺമെന്റ് തയ്യാറാക്കിയ 6-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ഇസ്ലാമിനെക്കുറിച്ച് പറഞ്ഞിട്ടുള്ള പലതും അസത്യവും അബദ്ധജഡിലവുമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. മാത്രമല്ല മതവിശ്വാസത്തിൽ മാത്രം ചേർക്കുന്ന പ്രവണത അതിൽ ഉടനീളം കാണാൻ കഴിയും. മതമൈത്രിക്ക് കോട്ടമുണ്ടാക്കുന്ന പരാമർശനവും ഈക്കൂട്ടത്തിലുണ്ട്. ഒരു മതത്തെ സംബന്ധിച്ച് പ്രസ്തുത മതഗ്രന്ഥത്തെക്കുറിച്ച് വിശ്വാസികൾ അംഗീകരിക്കാത്ത പരാമർശനം സർക്കാർ ചെലവിൽ പഠിപ്പിക്കുന്നത് ഭൂഷണമല്ല. നാം കാത്തുസൂക്ഷിച്ചുവരുന്ന മൂല്യങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ലംഘനവുമാണ്. ഇത് ഗവൺമെന്റിനെതിരായി ഒരു മതവിഭാഗത്തെ ഇളക്കിവിടാനുള്ള ശ്രമമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ പരാമർശനം നീക്കം ചെയ്തുകൊണ്ട് മുസ്ലീങ്ങളുടെ വികാരം മാനിക്കണം. മാത്രമല്ല മറ്റു മതവിശ്വാസികളും നമ്മുടെ കൂടെയുണ്ട്. അതുകൊണ്ടാണ് മതവിശ്വാസിയായ നമ്പാടൻ മാസ്റ്റർ നമ്മുടെ കൂടെ ചേർന്നത്. ചില പത്രങ്ങളും മുഖപ്രസംഗം എഴുതിയിട്ടുണ്ടെന്ന വസ്തുത ഞാൻ അനുസ്മരിക്കുകയാണ്. പ്രസ്തുത പരാമർശന ഇങ്ങനെയാണ്. മുഹമ്മദ് രൂപം കൊടുത്ത മതമാണ് ഇസ്ലാം, എന്ന് പേജ് 89, 90-ൽ പറഞ്ഞിരിക്കുന്നു. അത് ശരിയല്ല. എല്ലാ പ്രവാചകരും ഇസ്ലാം മതമാണ് പ്രബോധനം ചെയ്തത്. ഇത് ദൈവ മതമാണ്. മുസ്ലീങ്ങളെ അന്ത്യപ്രവാചകനായിട്ടാണ് മുഹമ്മദ്നബിയെ കണക്കാക്കിവരുന്നത്. അതാണ് മുസ്ലീങ്ങളുടെ വിശ്വാസം. ഈ പേജിൽ തന്നെ സ്ഥാനത്തും അസ്ഥാനത്തും ഇത് ആവർത്തിച്ചിരിക്കുന്നു. മുഹമ്മദ് രൂപം കൊടുത്ത പുതിയ മതമാണ് ഇസ്ലാം. പുതിയ മതം പ്രചരിപ്പിക്കാൻ സന്ദേശവാഹകനെന്ന് സ്വയം വിളിച്ചോ.... പ്രവാചകൻ ഒരിക്കലും സന്ദേശവാഹകനെന്നു സ്വയം വിളിച്ചിട്ടില്ല. മുസ്ലീങ്ങളുടെ പ്രവാചകനാണെന്ന് വിശ്വസിക്കുകയാണ് ചെയ്തിട്ടുള്ളത്. 40-ാം വയസ്സിൽ മുഹമ്മദ് നബി പുതിയ ഒരു മതം കാഴ്ചവച്ചു. അതാണ് ഇസ്ലാം എന്ന് വീണ്ടും പറയുന്നു. പുതിയ മതത്തിന് മുഹമ്മദ് രൂപം കൊടുക്കുന്നുവെന്ന് വീണ്ടും പറഞ്ഞിരിക്കുന്നു. ഇസ്ലാം മതം മുഹമ്മദിന്റെ സൃഷ്ടി ആണെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയാണ് ഇത് കാണിക്കുന്നത്. ഇത് സത്യവിരുദ്ധമാണ്. മുസ്ലീങ്ങളുടെ വിശ്വാസത്തോടുള്ള വെല്ലുവിളിയാണ് പേജ് 88-ൽ ഈദുൽ ഫിത്തറിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിൽ പാവങ്ങൾക്ക് ഭിക്ഷ നൽകലാണ് പ്രധാന ചടങ്ങെന്ന് പറഞ്ഞിരിക്കുന്നു. 'സക്കാത്ത്' എന്ന പേരിൽ അറിയപ്പെടുന്നുവെന്നും ചേർത്തിരിക്കുന്നു. സക്കാത്ത് എന്ന് പറയുന്നത് ഒരു മുസൽമാനെ സംബന്ധിച്ചിടത്തോളം അയാളുടെ വാർഷികവരുമാനത്തിന്റെ നിശ്ചിത വിഹിതം പാവങ്ങൾക്ക് നിർബന്ധമായി നൽകണമെന്ന വ്യവസ്ഥയാണ്. അതേസമയം 'ഫിത്തർ സക്കാത്ത്' എന്നു പറയുന്നത് ഇതിൽ ഭിക്ഷയെന്ന പരാമർശനം നടത്തിയിട്ടുള്ള ഭാഗം ഒരു മുസൽമാന് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള ആളുകൾക്കും പെരുന്നാൾ ദിവസം മതിയാകുന്നചെലവ് കഴിച്ച് ബാക്കി വരുന്നത് പാവങ്ങൾക്ക് നൽകണമെന്ന അർത്ഥത്തിലാണ്. അത് 'സക്കാത്ത്' എന്ന് പരാമർശിച്ചത് തെറ്റാണ് ഇത് വസ്തുതയ്ക്ക് നിരക്കാത്തതാണ് 'സക്കാത്ത്' എന്നുള്ളത് നിർബന്ധമാനമാണ്. 'ഫിത്തർ സക്കാത്ത്' ഐശ്ചികവുമാണ്. ഇത് ഭിക്ഷയല്ല. പേജ് 91-ൽ 'കസബ'യിലെ വിഗ്രഹങ്ങൾ നശിപ്പിക്കുകയും പള്ളിയായി പ്രഖ്യാപിക്കുകയും ചെയ്തുവെന്ന് പറഞ്ഞിട്ടുണ്ട് ഇത് ശരിയല്ല. ഇത് മത ഐക്യത്തെ തകർക്കാൻ ഉദ്ദേശിച്ചതാണ്. ഇബ്രാഹിം നബിയാണ് 'കസബ' നിർമ്മിച്ചത്. അദ്ദേഹം വിഗ്രഹ ആരാധനയെ ശക്തിയായി എതിർത്തിരുന്നുവെന്ന വസ്തുത ചരിത്രം അറിയാവുന്നവർ സമ്മതിക്കും. പിൽക്കാലത്ത് ഇബ്രാഹിം നബിയുടെ പ്രതിമ വെച്ചിരുന്നത് മാറ്റിക്കുക മാത്രമാണ് മുഹമ്മദ് നബി ചെയ്തിട്ടുള്ളത്. വിഗ്രഹം തച്ചുടച്ച് 'കസബ' പള്ളിയായി പ്രഖ്യാപിച്ചുവെന്ന പരാമർശനം അബദ്ധജടിലവും മതമൈത്രിയെ തകർക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. അതുപോലെതന്നെ പേജ് 91-ൽ ജീവിതത്തിൽ ഒരിക്കലെങ്കിലും മക്കയിലേക്ക് തീർത്ഥാടനം നടത്തുക എന്നുള്ളത് മുസൽമാന്റെ കടമയാണെന്ന് പറഞ്ഞിരിക്കുന്നു. ഇത് തെറ്റാണ് ശാരീരികമായും സാമ്പത്തികമായും യാത്ര സൗകര്യമുള്ളവർക്ക് മാത്രമേ ഹജ്ജ് നിർബന്ധമുള്ളു. എല്ലാ മുസ്ലീങ്ങളും തീർത്ഥാടനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തണമെന്ന് ഇസ്ലാം ഒരിക്കലും പറഞ്ഞിട്ടില്ല. മുഹമ്മദ് കുറെക്കാല ത്തേക്ക് അജ്ഞാതവാസത്തിലായിരുന്നുവെന്നാണ് ഐതിഹ്യമെന്ന് 90-ാം പേജിൽപ്പറയുന്നു. ഇത് സത്യവിരുദ്ധമാണ്. ഏകാന്തവാസമായിരുന്നു എന്ന് മാത്രമല്ല ഇത് ഐതിഹ്യമല്ല.; ചരിത്രസത്യമാണ്; ചരിത്ര വസ്തുതയാണ്. അതുപോലെ വലിയപെരുന്നാളിനെക്കുറിച്ച് പേജ് 53-ൽ പരാമർശിച്ചിട്ടുണ്ട് ഇബ്രാഹിം തന്റെ മകനെ മനുഷ്യ നൻമയ്ക്കായി ബലി യർപ്പിച്ച പുത്രന്റെ മൃതദേഹം കാണാൻ ബലിക്കല്ല് മൂടിയിരുന്ന തുണിമാറി നോക്കിയപ്പോഴം കൊല്ലപ്പെട്ട കാട്ടാടിന്റെ അവശിഷ്ടമാണ് അവിടെ കണ്ടത്. മകൻ തന്റെ പാർശ്വത്ത് ജീവനോടെ ഇരിക്കുന്നുവെന്നും പരാമർശിച്ചിരി ക്കുന്നു. ഇതും മുസ്ലീങ്ങളുടെ വിശ്വാസത്തിന് ഒട്ടും നിരക്കാത്തതാണ്. നബലി ഇസ്ലാമിക ദൃഷ്ട്യാ പാപമാണ്. ഇബ്രാഹിം നബി മകനെ ബലി കൊടുത്തിട്ടില്ല. പുത്രനോടാണോ ദൈവത്തോടാണോ സ്നേഹമെന്ന് പരീക്ഷണമായിരുന്നു ആ സംഭവം മകനെ ബലി നടത്താനായിട്ട് ചരിച്ച് കിടത്തിയപ്പോഴം ഒരു ആടിനെ അറത്താൽ മതിയെന്ന കൽപ്പനയുണ്ടായി. ഇതാണ് മുസ്ലീങ്ങളുടെ വിശ്വാസം. ഈ ശ്രമത്തെ നിലനിർത്തിക്കൊണ്ടാണ് മുസ്ലീങ്ങളം വലിയ പെരുന്നാളിന് മൃഗങ്ങളെ ബലി അർപ്പിക്കുന്നത്. 92-ാമത്തെ പേജിൽ ചിത്രം 7-ൽ പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്ന തറവിരിയെന്ന് ചേർത്തിരിക്കുന്നു. അതും തെറ്റാണ്. പ്രത്യേകമായി നമസ്ക്കാരത്തിനു വേണ്ടി തറവിരി ഇല്ല. മണ്ണിൽവച്ചും തറയിൽവെച്ചും യാത്ര ചെയ്യുമ്പോഴും നമസ്കരിക്കാവുന്നതാണ്. ഇസ്ലാമിനെക്കുറിച്ച് സാമാന്യവിവരമുള്ളവർ ഇങ്ങനെയുള്ള അബദ്ധങ്ങളം ഈ പുസ്തകത്തിൽ വാരിക്കൂട്ടുമായിരുന്നില്ല. എന്തായാലും ഇത് മാറണം. എങ്ങിനെ ഈ പരാമർശനം വന്നുവെന്ന് അന്വേഷിക്കണം. ബോധപൂർവ്വമാണെങ്കിൽ നടപടി സ്വീകരിക്കണം ഷോ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ''ഇസ്ലാം സമ്പൂർണ്ണചരിത്രം'' എന്ന പുസ്തകമെങ്കിലും അവലംബിക്കാനുള്ള സൻമനസ്സ് വിദ്യാഭ്യാസ വകുപ്പ് കാണിച്ചിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള അബദ്ധങ്ങളം ഒഴിവാക്കാ മായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി മുസ്ലീങ്ങളുടെ വികാരത്തെ മാനിക്കണ മെന്ന് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു. ഈ പുസ്തകം സമഗ്രമായി പരിശോധിച്ച് ഈ അബദ്ധങ്ങളം തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇതിൽ പറയുന്ന യാതൊരു വസ്തുതകളും മതത്തെ കരിതേച്ച് കാണിക്കാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയതല്ല. ഇസ്ലാം മതത്തിന്റെ പ്രാധാന്യം ചെറിയ വിദ്യാർത്ഥികൾക്കുപോലും മനസ്സിലാകത്തക്കനിലയിൽ, ഗ്രഹിക ത്തക്കനിലയിൽ തയ്യാറാക്കിയിട്ടുള്ള ഒരു പുസ്തകമാണ് ഇത്. സാമൂഹ്യ ശാസ്ത്രത്തിനകത്ത് വിവിധ മതങ്ങളെ സംബന്ധിച്ചുള്ള പ്രതിപാദനങ്ങ ളുണ്ട്. എല്ലാ മതത്തെ സംബന്ധിച്ചും കുട്ടികൾ മനസിലാക്കിയിരിക്കണ മെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകൾ അംഗീകരിക്കപ്പെടുന്ന ഗ്രന്ഥങ്ങളെ ആശ്രയിച്ചാണ് ഉണ്ടാക്കിയിട്ടുള്ളത്. ശാസ്ത്രീയ ചരിത്രഗ്രന്ഥങ്ങളെ ആശ്രയിച്ച് ടെക്സ്റ്റ് ബുക്കുകൾക്ക് രൂപം കൊടുക്കുന്നു. അതാണ് പൊതുവായ സമീപനം. ആദ്യം ഇംഗ്ലീഷിൽ തയ്യാറാക്കിയതിനുശേഷം ട്രാൻസ്ലേറ്റ് ചെയ്യുകയാണ് പതിവ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളിലേക്കും വിശദമായി കടക്കുന്നില്ല. എന്റെ ശ്രദ്ധയിൽ മുസ്ലീം മെമ്പർമാർ ഈ കാര്യം കൊണ്ടുവരികയുണ്ടായി അതിന് നടപടി സ്വീകരിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. എങ്ങനെ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയെന്നുള്ളതിനെ സംബന്ധിച്ച് ആദ്യം സൂചിപ്പിച്ചു. പ്രധാനപ്പെട്ട ഗ്രന്ഥങ്ങളെ ആധാരമാക്കിയാണ് ചെയ്യുന്നത്. ഇതിനകത്ത് മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

രൂപം കൊടുത്ത പുതിയ മതമാണെന്ന പരാമർശനത്തെക്കുറിച്ച് ശ്രീ. ബാവ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ സോഴ്സ് The World Book Encyclopedia Vol., 10, Page No. 374-ൽ നിന്നും എടുത്തിട്ടുള്ളതാണ്. ബാക്കിയുള്ള പരാമർശനത്തെ സംബന്ധിച്ചിടത്തോളം Glympses of World History, Vol. I Page 225 ജവഹർലാൽ നെഹ്റു എഴുതിയ ആ പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. അതുപോലെതന്നെ മറ്റുചില പരാമർശനങ്ങളും എടുത്തിട്ടുള്ളത് ജവഹർലാൽ നെഹ്റു എഴുതിയ ആ പുസ്തകത്തിൽ നിന്നാണ്. Festivel Time Edited by Swaran Khardpur ഈ പുസ്തകത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്. മറ്റൊന്ന് World Book Encyclopedia-യിൽ നിന്നാണ് എടുത്തിട്ടുള്ളത്. മറ്റൊന്ന് Mans March Through Time എന്ന പുസ്തകത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്. അതുപോലെതന്നെ മറ്റൊരു ഭാഗം എടുത്തിട്ടുള്ളത് Readers Digest-Library on Modern Knowledge Vol. II, Page 702 എന്ന പുസ്തകത്തിൽ നിന്നാണ്. പുസ്തക രചനയ്ക്ക് ശാസ്ത്രീയമായി കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ടെന്നേ പരക്കെ അംഗീകരിച്ചിട്ടുള്ള പുസ്തകത്തെ ആധാരമാക്കിയാണ് ചെയ്തിട്ടുള്ളത്. എല്ലാ മതത്തെയും സംബന്ധിച്ചു വിഭിന്നമായ സങ്കൽപ്പങ്ങൾ നിലവിലുള്ളപ്പോൾ ആധികാരിക ഗ്രന്ഥങ്ങളെ ആശ്രയിക്കാതിരിക്കാൻ നിവൃത്തിയില്ല. ആധികാരിക ഗ്രന്ഥങ്ങൾ വിദഗ്ദ്ധൻമാരെകൊണ്ട് പരിശോധിപ്പിച്ച് തെറ്റുകളുണ്ടെന്നേ കണ്ടാൽ തിരുത്താൻ ഗവണ്മെന്റ് തയ്യാറാണ്. ഏതെങ്കിലുമൊരു മതത്തിന്റെ വികാരത്തെ വ്രണപ്പെടുത്തണമെന്ന് യാതൊരു ആഗ്രഹവും പുസ്തകം തയ്യാറാക്കിയതിന്റെ പിന്നിലില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഒരു അദ്ധ്യായം പൂർണ്ണമായി വായിച്ചാൽ അദ്ദേഹം ചൂണ്ടിക്കാണിച്ച പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്. മൊത്തത്തിൽ വായിച്ചുനോക്കിയാൽ ഇസ്ലാം മതത്തെക്കുറിച്ച് പഠിക്കുന്ന കുട്ടികൾക്ക് ബഹുമാനവും മതത്തിന്റെ പ്രാധാന്യം മനസ്സിലാകുത്തക്കനിലയിലുമാണ് തയ്യാറാക്കിയിട്ടുള്ളത്. മറ്റ് മതത്തെക്കുറിച്ചും അങ്ങിനെയാണ് പ്രതിപാദിച്ചിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ച കാര്യത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ഞാൻ സൂചിപ്പിച്ച പുസ്തകങ്ങളൊക്കെ പരക്കെ, ലോകമെമ്പാടും അംഗീകരിച്ചിട്ടുള്ള പുസ്തകമാണ്. മതപണ്ഡിതൻമാരുമായി ഈ കാര്യത്തെക്കുറിച്ച് ആലോചിക്കാൻ നിർദ്ദേശം കൊടുത്തിട്ടുള്ളത് ആലോചിക്കും. ഇനിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ തെറ്റാണെന്നു ചൂണ്ടിക്കാണിച്ചാൽ അത് തിരുത്തിക്കൊണ്ട് അടുത്ത വർഷം പുസ്തകം ഇറക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചപ്പോൾ അതിന് അവലംബമായിട്ടുള്ള പല പുസ്തകങ്ങളെക്കുറിച്ചും പറഞ്ഞു. അതിലൊന്നിലും അധികൃതരായിട്ടുള്ള ഒരു മുസ്ലീം തയ്യാറാക്കിയ ഒരു പുസ്തകവും പറഞ്ഞുകേട്ടില്ല. മേലിലെങ്കിലും മുസ്ലിങ്ങൾ തയ്യാറാക്കുന്ന ഇതു സംബന്ധിച്ച ആധികാരികമായ ഗ്രന്ഥങ്ങൾ അവലംബിക്കാനും ഇപ്പോൾ വന്നിട്ടുള്ള പരാമർശം നീക്കം ചെയ്ത് പഠിപ്പിക്കാനും സന്നദ്ധത കാണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് കാലാകാലങ്ങളായി അവലംബിച്ചുവരുന്ന ഒരു പൊതു സമീപനമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്ത പുതിയ സമീപനമല്ല. എന്തായിരുന്നാലും ഈ പറഞ്ഞ പോരായ്മകൾ പുസ്തകത്തിനകത്ത് കടന്നുകൂടിയിട്ടുണ്ടെങ്കിൽ തീർച്ചയായും പരിഹരിക്കുന്നതാണ്. എന്തായാലും മതവികാരങ്ങളെ വ്രണപെടുത്താൻ ഗവൺമെന്റ് ഒരിക്കലും ആഗ്രഹിക്കുന്നില്ല, അങ്ങനെ ചെയ്യുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly